# ജാഗ്രത !!!

## കൊതുകുജന്യരോഗങ്ങൾക്കെതിരെ



ഉപയോഗശൂന്യമായ ചിരട്ട, കുപ്പികൾ, ടിന്നുകൾ, പ്ലാസ്റ്റിക് കവറുകൾ, ടയറുകൾ, പാത്രങ്ങൾ എന്നിവ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, അവയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക

ടെറസ്സിലും, പാരപെറ്റിലും വെള്ളം കെട്ടിനിൽക്കാതെ ഒഴുക്കികളയുക

റബർ പാൽ ശേഖരിക്കുന്ന ചിരട്ട, കപ്പ് എന്നിവ ഉപയോഗശേഷം കമഴ്ത്തി വയ്ക്കുക

ഫ്രിഡ്ജ്, കൂളർ എന്നിവയുടെ അടിഭാഗത്ത് ശേഖരിക്കപ്പെടുന്ന വെള്ളം ആഴ്ചയിലൊരിക്കലെങ്കിലും നീക്കം ചെയ്യുക

## എലിപ്പനിക്കെതിരെ



എലികളിൽ മാത്രമല്ല കന്നുകാലികൾ, നായ, പന്നി എന്നിവയിലും എലിപ്പനിയുടെ രോഗാണുക്കൾ കണ്ടുവരുന്നു. ശരീരത്തിൽ മുറിവുകൾ ഉണ്ടെങ്കിൽ വേണ്ടത്ര മുൻകരുതലുകൾ ഇല്ലാതെ രോഗാണുവാഹകരായ ജന്തുക്കളുടെ മൂത്രം കലർന്ന ജലാശയങ്ങൾ, ഓടകൾ, കൃഷിയിടങ്ങൾ എന്നിവയിൽ ഇറങ്ങുന്നതുവഴി രോഗ ബാധ ഉണ്ടാകാം.

എലിനശീകരണം ഊർജ്ജിതപ്പെടുത്തുക, മാലിന്യങ്ങൾ കുമിഞ്ഞു കൂടാതെ നശിപ്പിക്കുക, ശരീരത്തിൽ മുറിവുകൾ ഉണ്ടെങ്കിൽ മലിനജലത്തിൽ കുളിക്കുകയോ, ഇറങ്ങുകയോ ചെയ്യരുത്. കൃഷിപ്പണിക്കാരും, തൊഴിലുറപ്പു പദ്ധതിയിൽ പ്രവർത്തിക്കുന്നവരും മൃഗപരിപാലനത്തിൽ ഏർപ്പെടുന്നവരും ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമായ പ്രതിരോധ ചികിത്സ പ്രയോജനപ്പെടുത്തുക

national health mission

നൂതന ആരോഗ്യ പദ്ധതികളുമായി

**ദേശീയ ആരോഗ്യ ദൗത്യം**

എന്നും ജനങ്ങളോടൊപ്പം...

facebook.com\nhmkerala www.arogyakeralam.gov.in

design: nhm/bcc3/jun/2017

**പരാതികൾക്കും നിർദ്ദേശങ്ങൾക്കും ബന്ധപ്പെടുക**

കൂടുതൽ വിവരങ്ങൾക്ക് 0471 2552056

Direct Intervention System for Health Awareness 1056 DISHA

24 x 7 സൗജന്യ സേവനം

# പേടി വേണ്ട...



## പകർച്ചവ്യാധികൾക്കെതിരെ ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങളുമായി ആരോഗ്യ വകുപ്പ്

## ഡെങ്കിപ്പനി, എച്ച്1 എൻ1 എലിപ്പനി, വൈറൽ പനി..

## നമ്മൾ ചെയ്യേണ്ടത്

' സംസ്ഥാനത്ത് കാലവർഷം ആരംഭിച്ചതോടെ വൈറൽപനി, ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1, മലേറിയ, കോളറ തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ കരുതിയിരിക്കുക. പ്രതിരോധ പ്രവർത്തനങ്ങളുമായി ജനങ്ങൾ സഹകരിക്കുക. കൊതുകുകൾ വളരാനുള്ള സാഹചര്യം ഒഴിവാക്കുക. മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക'

**കൊതുകുകളുടെ ഉറവിടം കണ്ടെത്തുക, നശിപ്പിക്കുക**









**കൊതുകു കടി ഏൽക്കാനുള്ള സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുക**

**രോഗലക്ഷണങ്ങൾ കണ്ടാലുടൻ ചികിത്സ തേടുക**